SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

07-08-2021

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി **ഓണ സമൃദ്ധി 2021** എന്ന പേരിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പും അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി ഫ് പി സി കെ യും സംയുക്തമായി 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം നാടൻ പഴം - പച്ചക്കറി ഓണ വിപണികൾ സംഘടിപ്പിക്കുന്നു. മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവ കേന്ദ്രീകരിച്ച് 2000 കർഷക ചന്തകൾ സംഘടിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

2. മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിൽ "പൂകൃഷി പ്രോത്സാഹനം" പദ്ധതിയിൻ കീഴിൽ ഓണം മാർക്കറ്റ് ലക്ഷ്യമിട്ട് ഒരുക്കിയ മൂന്നേക്കറോളം ചെണ്ടുമല്ലി കൃഷി വിളവെടുപ്പിന് തയ്യാറായതായി നിറമരുതൂർ കൃഷി ഓഫീസർ സമീർ മുഹമ്മദ് അറിയിച്ചു. 20 കിലോയിൽ കുറയാതെ പൂക്കൾ ആവശ്യമുള്ളവർ 9383471679 എന്ന നമ്പരിൽ നിറമരുതൂർ കൃഷിഭവനുമായി ബന്ധപ്പെടുക.

3. നെട്ടൂർ അന്താരാഷ്ട്ര പച്ചക്കറി മാർക്കറ്റിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കോക്കനട്ട് നഴ്സറിയിൽ ഗുണമേന്മയുള്ള വെസ്റ്റ് കോസ്റ്റ് ടോൾ ഇനത്തിൽ പെട്ട തെങ്ങിൻ തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് 0484-2700779, 9895242237 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനം പൂവൻ കോഴിക്കുഞ്ഞുങ്ങളെ 10 രൂപ നിരക്കിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. ആവശ്യമുള്ളവർ ഇനി പറയുന്ന നമ്പരിൽ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. **0479- 2452277.**

5. കേന്ദ്രസർക്കാർ അംഗീകരിച്ച തനതു ജനുസിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിചരിക്കുന്ന വ്യക്തികൾക്കും ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും ഡയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ വിഭാഗത്തിലേയും പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാനമായി അഞ്ചു ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്നു ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ടുലക്ഷം രൂപയും നൽകുന്നതാണ്.

**07-08-2021**

അപേക്ഷ നൽകുന്നതിനുള്ള ലിങ്ക് 15/09/2021 വരെ www.dahd.nic.in / www.mha.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകും.

**പരിശീലന പരിപാടികൾ**

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (07.08.2021) രാവിലെ 11 മണി മുതൽ **അകത്തള അലങ്കാര ചെടികളും സംരക്ഷണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. സമേതി കേരളയുടെ ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പറുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

7. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും ആഹാരരീതികൾ"** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 7 ന്) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലനം നൽകുന്നു. https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 10-ന് **കൂണിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**, 12-ന് **മണ്ണിരകമ്പോസ്റ്റ് ഉൽപാദനം** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9400288040 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 10-ന് ക്ഷീരസംഘം പ്രസിഡന്റുമാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്കായി **ക്ഷീരസംഘം ജീവനക്കാരും സെക്ഷൻ 80-ഉം ഭരണസമിതി അംഗങ്ങൾ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 0471-2440911 എന്ന ടെലഫോൺ നമ്പരിലോ

**07-08-2021**

dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, പേര്, മേൽവിലാസം, വാട്ട്സാപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ** ഈ മാസം 10-ന് രാവിലെ 10.30 മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

11. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഈ മാസം 10, 11 തീയതികളിലായി **ചെറുകിട നാമമാത്ര പശുഫാമുകളിലെ ആരോഗ്യ പ്രത്യുൽപാദന പരിരക്ഷ** എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഓൺലൈൻ പ്ലാറ്റ്ഫോമിൽ കർഷകസെമിനാർ സംഘടിപ്പിക്കുന്നു. https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ സെമിനാറിൽ പങ്കെടുക്കാവുന്നതാണ്. 9400322511 എന്ന നമ്പരിൽ ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്.

12. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഈ മാസം 11 ന് **മണ്ണ് സംരക്ഷണവും വഴവെള്ളസംഭരണവും** എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. https://www.facebook.com/RATTC-Training-104750708002716/ എന്ന ഫേസ്ബുക്ക് പേജിലൂടെ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484-2703094 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

13. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 13/08/2021 ന് രാവിലെ 10.30 മണി മുതൽ മലപ്പുറം ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർ എന്നിവർക്ക് **"ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ"** ( http://meet.google.com/owh-zoje-zwa ) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **"പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ"** ( http://meet.google.com/cew-twbg-btb) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു.